മലയാള മനോരമ
ESTABLISHED 1888
02 March 2019

# കൂടുമത്സ്യക്കൃഷി പരിശീലനം നൽകി സിഎംഎഫ്ആർഐ

കൊച്ചി • കടമക്കുടി പഞ്ചായത്ത് നിവാസികളെ കൂടുമത്സ്യക്കൃഷിയിലൂടെ ചെറുകിട സംരംഭകരാക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). കോരമ്പാടം സഹകരണ ബാങ്കിന്റെ പിന്തുണയോടെയാണ് പ്രദേശവാസികളെ കൂടുമത്സ്യ കൃഷി ചെയ്യാൻ പ്രേരിപ്പിക്കുന്നത്. പ്രാഥമിക ഘട്ടത്തിൽ പഞ്ചായത്തിലെ 114 പേർക്ക് കൂടുകൃഷി ചെയ്യുന്നതിനുള്ള പരിശീലനം നൽകി.

ഇവരിൽ നിന്ന് കൂടുമത്സ്യക്കൃഷി തുടങ്ങുന്നവർക്കു കുറഞ്ഞ പലിശയിൽ കോരമ്പാടം സഹകരണ ബാങ്ക് വായ്പ നൽകും. കൃഷിയുടെ തുടക്കം മുതൽ വിളവെടുപ്പ് വരെ സിഎംഎഫ്ആർഐയുടെ സാങ്കേതിക സഹായവും കർഷകർക്കു ലഭിക്കും.